**പ്രളയം മൃഗസംരക്ഷണ ക്ഷീരവികസന മേഖലകൾക്കുണ്ടാക്കിയ നഷ്ടം**

123(910) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാപ്രളയം മൃഗസംരക്ഷണ ക്ഷീരവികസന മേഖലകൾക്ക് ഉണ്ടാക്കിയ നഷ്ടത്തിന്റെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രളയത്തിൽ കന്നുകാലികൾക്കും പക്ഷി-മൃഗാദികൾക്കും അവയുടെ പാർപ്പിട സൗകര്യങ്ങൾ ഉൾപ്പെടെയുള്ള മറ്റ് അടിസ്ഥാന മേഖലകളിലും ഉണ്ടായ നഷ്ടത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) മൃഗസംരക്ഷണ ക്ഷീരവികസന മേഖലകളുടെ പുനരുജ്ജീവനത്തിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രളയംമൂലം മൃഗസംരക്ഷണ/ക്ഷീരവികസന മേഖലകൾക്ക് 172.08 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(ബി) പ്രളയംമൂലം 5163 പശുക്കൾ, 1228 കിടാരികൾ, 5166 പശുക്കുട്ടികൾ, 541 എരുമകൾ, 6380 ആടുകൾ, 1053 പന്നികൾ എന്നിവയും 11.43 ലക്ഷം കോഴികളും 4.64 ലക്ഷം താറാവുകളും നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്. കൂടാതെ 18342 കാലിത്തൊഴുത്തുകൾക്കും 1598 കോഴി ഷെഡ്ഡുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. 3416.93 ഹെക്ടർ സ്ഥലത്തെ തീറ്റപ്പുൽ കൃഷിയും 3735.9 മെട്രിക് ടൺ വൈക്കോലും നഷ്ടമായിട്ടുണ്ട്. ക്ഷീരസംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ നഷ്ടപ്പെട്ടതുമൂലം 3.7 കോടിയുടെയും മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥാപനങ്ങളുടെ കേടുപാടുകൾമൂലം 23 കോടി രൂപയുടെയും നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(സി) ദുരന്ത നിവാരണ മാനദണ്ഡപ്രകാരം ഉരുക്കൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം ലഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. പെട്ടെന്നുള്ള നഷ്ടം നികത്തുന്നതിനായി കണ്ടിൻജൻസി ഫണ്ടിനത്തിൽ 24.9 ലക്ഷം രൂപയും പ്രളയ സമയത്ത് 28857 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനുള്ള ധനസഹായമായി 181 ലക്ഷം രൂപയും വൈയ്ക്കോൽ, പച്ചപ്പുൽ എന്നിവ വിതരണം ചെയ്യുന്നതിനായി 450 ലക്ഷം രൂപയും പദ്ധതി തുക ഉപയോഗപ്പെടുത്തി

LIBRARY ARCHIVES Kerala Legislative Assembly

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുവാൻ ക്ഷീര വികസന വകുപ്പിന് സാധിച്ചു. കൂടാതെ 22 കോടി രൂപ പദ്ധതി വിഹിതം ഉപയോഗിച്ച് നഷ്ടം വരുന്ന കർഷകർക്ക് ഉരുക്കളെ വാങ്ങുന്നതിന് കാലിത്തൊഴുത്ത് നിർമ്മിക്കുക/നവീകരിക്കുക, നഷ്ടം സംഭവിച്ച ക്ഷീര കർഷകർക്ക് ആവശ്യാധിഷ്ഠിത ധനസഹായം നൽകുക എന്നീ ലക്ഷ്യത്തോടുകൂടി ഒരു പുനരധിവാസ പദ്ധതി ക്ഷീരവിസന വകുപ്പ് നടപ്പിലാക്കുന്നുണ്ട്.

**പ്ലാൻ ഫണ്ടിൽനിന്നും വകയിരുത്തിയ തുക**

124(911) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തികവർഷം മൃഗസംരക്ഷണ വകുപ്പ് ഏതെല്ലാം പ്രവൃത്തികൾക്കാണ് പ്ലാൻ ഫണ്ടിൽനിന്നും തുക വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രവൃത്തികൾക്കും നീക്കിവച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ &ബി)

1. മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനയും-3300 ലക്ഷം
2. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്-300 ലക്ഷം
3. വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിൽസാ സേവനം -725 ലക്ഷം
4. ഊർജ്ജിത കന്നുകാലി വികസനം ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ -1128 ലക്ഷം
5. വകുപ്പിന്കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും-1680 ലക്ഷം
6. കന്നുകാലി വികസന പദ്ധതി ( കന്നുകട്ടി പരിപാലന പരിപാടി) -1500 ലക്ഷം.
7. ഗോവർദ്ധിനി-4500 ലക്ഷം.
8. ബാക്ക് യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്ട്-425 ലക്ഷം
9. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി) -500 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly